# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2591 — 05.11.2019 -ൽ മറുപടിയ്ക്ക്

### മണിയാർ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | മണിയാർ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ടൂറിസം പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; ഇനി എന്തൊക്കെ നടപടികളാണ് നടപ്പാക്കാനുള്ളത്; വിശദീകരിക്കാമോ; | എ) & ബി) | മണിയാർ ഡാം കേന്ദ്രീകരിച്ച് 9,99,56,000/- രൂപയുടെ ഒരു പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കിയിരുന്നു. ഇതിൽ 9,61,21,351/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിത് 'KEL' മുഖേനയും , ബാക്കി തുക ' KATPS ' മുഖേനയും ആയിരുന്നു. വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും , ഈ പദ്ധതിക്കായി പ്രസ്തുത പദ്ധതി പ്രദേശത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പായ, ജലസേചന വകുപ്പ് സെക്രട്ടറിയുടെ അനുമതി പത്രം ലഭ്യമാക്കാത്തതുകൊണ്ട് അംഗീകാരം ലഭിച്ചില്ല. ആയതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. |
| ബി) | ഇതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ടൂറിസം വകുപ്പിന്റെ അംഗീകാരം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | ഇറിഗേഷൻ വകുപ്പ് മണിയാർ ഡാം പരിസരം ടൂറിസം പദ്ധതിക്കായി വിട്ടുകൊടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടും വീണ്ടും ഇതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ; | (സി) & (ഡി) | മണിയാർ ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രദേശം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതിനാലും, ഡാമിന്റെ പരിസരപ്രദേശമായതിനാലും , ഇറിഗേഷൻ വകുപ്പ് മുഖേന , ഇപ്പോൾ നിലവിലുള്ള നിയമ നിയന്ത്രണങ്ങൾക്ക് ഉചിതമായ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇത് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ